REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 27-06-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ സീഷെൽസ് സന്ദർശനത്തിന് രാവിലെ തുടക്കമാകും.**
- **സമഗ്ര സാമ്പത്തിക, വ്യാപാര കരാറിലൂടെ ഇന്ത്യ-UK ബന്ധം നിർണായക നാഴികക്കല്ലിലേക്ക് നീങ്ങുകയാണെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.**
- **കേരള എൻജിനീയറിംഗ്, ഫാർമസി പ്രവേശന പരീക്ഷാ ഫലം ഇന്ന് പ്രഖ്യാപിക്കും.**
- **സംസ്ഥാനത്ത് പൾസ് പോളിയോ തുള്ളി മരുന്ന് വിതരണം നാളെ.**
- **ഫിഫ ലോക കപ്പ് ഫുട്ബോളിൽ ഫ്രാൻസിനും സെനഗലിനും ജയം.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ സീഷെൽസ് സന്ദർശനത്തിന് രാവിലെ തുടക്കമാകും. സീഷെൽസിന്റെ ദേശീയ ദിന സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പ്രധാനമന്ത്രി മുഖ്യാതിഥിയായി പങ്കെടുക്കും. 2015 ലാണ് പ്രധാനമന്ത്രി അവസാനമായി സീഷെൽസ് സന്ദർശിച്ചത്. ഇന്ത്യൻ പ്രതിരോധ സേനയുടെ ഒരു സംഘവും രണ്ട് ഇന്ത്യൻ നാവികസേനാ കപ്പലുകളും സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

സീഷെൽസ് പ്രസിഡൻ്റ് ഡോ.പാട്രിക് ഹെർമിനിയുമായി പ്രധാനമന്ത്രി ചർച്ച നടത്തും. ഉഭയകക്ഷി സഹകരണം അവലോകനം ചെയ്യുന്ന ഇരുവരും പ്രാദേശിക, അന്തർദേശീയ വിഷയങ്ങളിൽ കാഴ്ചപ്പാടുകളും കൈമാറും.

✪✪✪

ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ രണ്ടു ദിവസത്തെ സന്ദർശനത്തിന് ഇന്ന് കർണാടകയിലെത്തും. ബംഗളൂരുവിൽ നാദപ്രഭു കെമ്പഗൗഡയുടെ ജന്മവാർഷികത്തിൽ അദ്ദേഹം പങ്കെടുക്കും. തുടർന്ന് രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിൻ്റെ സ്ഥാപക ദിനാചരണത്തിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

✪✪✪

സമഗ്ര സാമ്പത്തിക, വ്യാപാര കരാറിലൂടെ ഇന്ത്യ-UK ബന്ധം നിർണായക നാഴികക്കല്ലിലേക്ക് നീങ്ങുകയാണെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. ലണ്ടനിൽ ബിസിനസ് പ്ലീനറി സെഷനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

സമഗ്ര സാമ്പത്തിക, വ്യാപാര കരാറിൻ്റെ വളർച്ചയ്ക്കായി പുതിയ അതിർത്തികൾ തുറന്നതിനാൽ ഇരു രാജ്യങ്ങളിലെയും ബിസിനസ് ഇടപഴകൽ വർദ്ധിപ്പിക്കാനും, നവീകരണം ത്വരിതപ്പെടുത്താനും, നിക്ഷേപങ്ങൾ അഭിവൃദ്ധിപ്പെടുത്താനും അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

രാജ്യത്തെ ആദ്യ സഹകരണാധിഷ്ഠിത ടാക്സി സർവിസായ ഭാരത് ടാക്സി ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഗുജറാത്തിൽ ഉദ്ഘാടനം ചെയ്യും. ടാക്സി ഡ്രൈവർമാരുടെ ഉന്നമനത്തിനാണ് ഡിജിറ്റൽ പ്ലാറ്റ്ഫോമായ ഭാരത് ടാക്സി പ്രാധാന്യം നൽകുന്നത്. സേവന ദാതാക്കൾ എന്നതിൽ നിന്നും സംരംഭകർ എന്ന തലത്തിലേക്ക് ഉയർത്തുന്നതിലൂടെ ഈ പദ്ധതി ടാക്സി ഡ്രൈവർമാർക്ക് സ്വയം പര്യാപ്തതയും സാമ്പത്തിക സുരക്ഷിതത്വവും ഉറപ്പാക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 ന് . പരിപാടിയുടെ 135 -ാം പതിപ്പാണിത്.

ആകാശവാണിയുടെയും ദൂരദർശൻ്റെയും മുഴുവൻ ശൃംഖലകളിലും മൻ കി ബാത് പ്രക്ഷേപണം ചെയ്യും. ഇതിനുപുറമെ , AIR ന്യൂസ് വെബ്സൈറ്റിലും, ന്യൂസ് ഓൺ AIR മൊബൈൽ ആപ്പിലും, ആകാശവാണി , ദൂരദർശൻ,

പ്രധാനമന്ത്രിയുടെ ഓഫീസ്, വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം എന്നിവയുടെ യൂട്യൂബ് ചാനലുകളിലും മൻ കി ബാത് കേൾക്കാം. പ്രധാനമന്ത്രിയുടെ ഹിന്ദി പ്രഭാഷണത്തിന് ശേഷം പ്രാദേശിക നിലയങ്ങൾ മൻ കീ ബാത്തിന്റെ പരിഭാഷയും പ്രക്ഷേപണം ചെയ്യും.

✪✪✪

കേരള എൻജിനീയറിംഗ്, ഫാർമസി പ്രവേശന പരീക്ഷ ഫലം ഇന്ന് പ്രഖ്യാപിക്കും. എറണാകുളം കളമശേരി, പത്തടിപാലം ഗവൺമെന്റ് റെസ്റ്റ് ഹൗസിൽ ഉച്ചക്ക് ഒരു മണിക്ക് മന്ത്രി റോജി. M. ജോൺ ഫലപ്രഖ്യാപനം നടത്തും.

✪✪✪

തിരുവനന്തപുരം വിക്രം സാരാഭായ് ബഹിരാകാശ കേന്ദ്രത്തിന്റെ പുതിയ ഡയറക്ടറായി പ്രമുഖ ശാസ്ത്രജ്ഞൻ ഡോ. U.P രാജീവിനെ നിയമിച്ചു. VSSC ലെ അസോസിയേറ്റ് ഡയറക്ടർ ആയിരുന്നു അദ്ദേഹം.

ISRO യുടെ ചരിത്രപ്രധാനമായ ഒട്ടുമിക്ക വിക്ഷേപണ വാഹനങ്ങളുടെയും മിഷൻ ഡിസൈനിലും സിമുലേഷനുകൾക്കും നേതൃത്വം നൽകിയ വ്യക്തിയാണ് ഡോ. രാജീവ്.

✪✪✪

വെനസ്വേലയിൽ, തുടർച്ചയായ രണ്ട് ഭൂകമ്പങ്ങളിൽ മരിച്ചവരുടെ എണ്ണം 920 ആയി. മൂവായിരത്തി മുന്നൂറ് പേർക്ക് പരിക്കേറ്റു. തലസ്ഥാനത്തിന് സമീപം ഇന്നലെ ഉണ്ടായ ഭൂകമ്പത്തിൽ രക്ഷാപ്രവർത്തനം തുടരുകയാണ്.

ദുരിതാശ്വാസ- രക്ഷാപ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ ഇന്ത്യ ഉൾപ്പെടെ രാജ്യങ്ങളുടെ സന്നദ്ധതയെ സ്വാഗതം ചെയ്ത പ്രസിഡന്റ് ഡെൽസി റോഡ്രിക്സ് വെനസ്വേലയ്ക്ക് ലഭിച്ച ഐക്യദാർഢ്യത്തിന് നന്ദി അറിയിക്കുകയും ചെയ്തു.

✪✪✪

കൊൽക്കത്തയിലെ തരത്തലയിൽ കെട്ടിടം തകർന്ന് മരിച്ചവരുടെ എണ്ണം 16 ആയി. പരിക്കേറ്റവർ കൊൽക്കത്തയിലെ SSKM ആശുപത്രിയിൽ ചികിത്സയിലാണ്. സംഭവത്തിൽ ഒരു ഗവണ്മെന്റ് ഉദ്യോഗസ്ഥൻ ഉൾപ്പെടെ ആറ് പേരെ പൊലീസ് അറസ്റ്റ് ചെയ്തു. സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ സംസ്ഥാന ഗവണ്മെന്റ് ഇന്നലെ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്.

ജീവൻ നഷ്ടപ്പെട്ടവരുടെ അടുത്ത ബന്ധുക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും ധനസഹായം പ്രഖ്യാപിച്ചു. മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് 10 ലക്ഷം രൂപയും പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപയും മുഖ്യമന്ത്രി സുവേന്ദു അധികാരിയും ധനസഹായം പ്രഖ്യാപിച്ചു.

✪✪✪

സംസ്ഥാനത്ത് ഇന്നലെ എട്ട് പേർക്ക് ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു. കോഴിക്കോട് 3, വയനാട് 2, എറണാകുളം, തൃശൂർ, മലപ്പുറം എന്നീ ജില്ലകളിൽ ഓരോരുത്തർക്കുമാണ് രോഗം സ്ഥിരീകരിച്ചത്. സംസ്ഥാനത്ത് ഈ മാസം 180 പേർക്ക് രോഗബാധയും 6 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വർഷം ഇതുവരെ 256 പേർക്കാണ് ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചത്.

✪✪✪

നിപാബാധിതന്റെ സമ്പർക്കപ്പട്ടികയിൽ 21 ദിവസത്തെ നിരീക്ഷണം പൂർത്തിയാക്കിയ ഉയർന്ന റിസ്ക് വിഭാഗത്തിൽപെട്ട ഒരാളെ ക്വാറന്റൈനിൽ നിന്നു ഒഴിവാക്കി. രോഗബാധിതന്റെ സഹപ്രവർത്തകനായിരുന്നു ഇദ്ദേഹം. നിരീക്ഷണ വേളയിൽ ഒരു രോഗലക്ഷണങ്ങളും ഉണ്ടാകാത്തതിനെ തുടർന്നാണിത്. ഉയർന്ന റിസ്ക് വിഭാഗത്തിൽ നിന്ന് രോഗിയുമായി അടുത്തു സമ്പർക്കം പുലർത്തിയ ഒരാളെ ആദ്യമായാണ് ഒഴിവാക്കുന്നത്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ വെൻറിലേറ്ററിൽ ചികിത്സ തുടരുന്ന നിപ രോഗബാധിതന്റെ സമ്പർക്ക പട്ടികയിലെ ആരെയും പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടില്ല.

രോഗബാധ റിപ്പോർട്ട് ചെയ്ത രാമനാട്ടുകര മുനിസിപ്പാലിറ്റിയിലെ 69 വീടുകളിൽ കൂടി ആരോഗ്യ പ്രവർത്തകർ ഇന്നലെ സന്ദർശനം നടത്തി.

✪✪✪

സംസ്ഥാനത്ത് പൾസ് പോളിയോ തുള്ളി മരുന്ന് നാളെ വിതരണം ചെയ്യും. അഞ്ചിനു താഴെ പ്രായക്കാരായ 19 ലക്ഷത്തി 80,224 കുട്ടികൾക്കാണ് തുള്ളിമരുന്ന് നൽകുക. ഇതിന് 22,288 ബൂത്തുകൾ സജ്ജീകരിക്കും. തുള്ളിമരുന്ന് നൽകാൻ 46,663 സന്നദ്ധപ്രവർത്തകരെയും നിയോഗിക്കും.

സാധാരണ ബൂത്തുകൾക്ക് പുറമേ യാത്രാവേളയിൽ കുഞ്ഞുങ്ങൾക്ക് വാക്സിൻ നൽകുന്നതിനു 539 ട്രാൻസിറ്റ് ബൂത്തുകൾ, 283 മൊബൈൽ ബൂത്തുകൾ എന്നിവയും ക്രമീകരിക്കും.

✪✪✪

ഫിഫ ലോക കപ്പ് ഫുട്ബോളിൽ ഗ്രൂപ്പ് ഐ - യിലെ അവസാന മത്സരത്തിൽ പുലർച്ചെ ഫ്രാൻസ് നോർവെയെ ഒന്നിനെതിരെ നാലു ഗോളിന് പരാജയപ്പെടുത്തി. മറ്റൊരു മത്സരത്തിൽ സെനഗൽ ഇറാഖിനെ എതിരില്ലാത്ത അഞ്ചു ഗോളിനും തോൽപിച്ചു. ഇപ്പോൾ കാബോ വെർദെ - സൗദി അറേബ്യ, ഉറുഗ്വേ - സ്പെയിൻ മൽസരങ്ങൾ പുരോഗമിക്കുകയാണ്.

ഉറുഗ്വേ - സ്പെയിൻ മത്സരത്തിൽ ആദ്യപകുതി പിന്നിട്ടപ്പോൾ സ്പെയിൻ ഒരു ഗോളിന് മുന്നിലാണ്.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ.

.....(വോയ്സ്)...............

✪✪✪

FIH പ്രോ ലീഗ് പുരുഷ വിഭാഗം ഹോക്കിയിൽ ഇന്ത്യൻ ടീം പാകിസ്ഥാനെ പരാജയപ്പെടുത്തി. ലണ്ടനിൽ ഒന്നിനെതിരെ ഏഴ് ഗോളിനാണ് ഇന്ത്യയുടെ ജയം. നാളെ ഇംഗ്ലണ്ടുമായാണ് ഇന്ത്യയുടെ അടുത്ത മത്സരം.

✪✪✪

ഇന്ത്യ – അയർലണ്ട് ട്വന്റി ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ അയർലൻഡിന് ജയം. അയർലെൻഡ് ഉയർത്തിയ 183 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ 148 റൺസിന് എല്ലാവരും പുറത്തായി.

✪✪✪

കേരള ക്രിക്കറ്റ് അസോസിയേഷൻ സംഘടിപ്പിക്കുന്ന NSK ട്രോഫി ട്വന്റി 20 ടൂർണ്ണമെന്റിൽ കോഴിക്കോടിനും എറണാകുളത്തിനും തുടർച്ചയായ രണ്ടാം വിജയം. കൊല്ലത്തെ 26 റൺസിനാണ് കോഴിക്കോട് തോൽപ്പിച്ചത്. മറ്റൊരു മത്സരത്തിൽ എറണാകുളം ഏഴ് വിക്കറ്റിന് ഇടുക്കിയെ തോൽപ്പിച്ചു.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ഫുട്ബോൾ ആരാധകർ സ്ഥാപിച്ച ബോർഡുകളിൽ പുകയില ഉപയോഗിക്കുന്ന താരങ്ങളെ ഉൾപ്പെടുത്തിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബി സന്തോഷ് അറിയിച്ചു. ഇത്തരത്തിലെ ബോർഡുകൾ നീക്കം ചെയ്യുകയോ പുകയില ഉപയോഗിക്കുന്ന ദൃശ്യങ്ങൾ മറച്ചു വെക്കുകയോ ചെയ്യണമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

✪✪✪

ലഹരിവ്യാപനത്തിന്റെ വേരറുക്കാൻ സംസ്ഥാന ഗവൺമെന്റ് ആരംഭിച്ച ഓപ്പറേഷൻ തൂഫാൻ മികച്ച നിലയിൽ മുന്നേറുന്നുവെന്ന് മന്ത്രി ബിന്ദു കൃഷ്ണ പറഞ്ഞു. ലോക ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി സിറ്റി പൊലീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ലഹരിവിരുദ്ധ യാത്രയുടെ ഫ്ലാഗ് ഓഫും സമാപന സമ്മേളനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കുന്നതിന് അടിയന്തരാവസ്ഥയിലെ ഇരുണ്ട ദിനങ്ങൾ ഓർക്കേണ്ടതുണ്ടെന്ന് രാജ്യസഭാ MP സി. സദാനന്ദൻ മാസ്റ്റർ പറഞ്ഞു. ഭരണഘടനാ മൂല്യങ്ങൾ മുഴുവൻ ചവിട്ടിമെതിച്ചവരാണ് ഭരണഘടനയെ കുറിച്ച് സംസാരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. BJP കണ്ണൂർ സൗത്ത് ജില്ലാ കമ്മിറ്റി കൂത്തുപറമ്പ് തൊക്കിലങ്ങാടിയിൽ സംഘടിപ്പിച്ച അടിയന്തരാവസ്ഥ വിരുദ്ധ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

---

*News Editor : ശ്രുതി എം*
*News Reader: ശ്രിജി പൂവത്തിങ്കൽ*
*News Team: മണികണ്ഠൻ, രജിന കെ*
*DEO: ഷീബ*